മുസ്ലിംകളെല്ലാം തൗഹീദിൽ നിന്നും ഈമാനിൽ നിന്നും ബഹുദൂരം അകലെയാണെന്നു കണ്ടെത്തി. ഇബ്നുതീമിയ്യയുടെ റൂട്ടിലൂടെ അദ്ദേഹം ഒരു തൗഹീദീപ്രസ്ഥാനം കെട്ടിപ്പടുക്കണമെന്നു മനസ്സിലുറച്ചു. ഇതിനായുള്ള പ്രബോധന പ്രവർത്തനങ്ങളിലേക്കു ശ്രദ്ധ തിരിച്ചു.

## ദഅ്‌വത്ത്

പ്രബോധനത്തിന് അദ്ദേഹം തുടക്കം കുറിച്ചത് നജ്ദിലെ ഹുറൈമിലാ എന്ന പ്രദേശത്താണ്. ജന്മദേശമായ ഉയയ്നക്കടുത്തുള്ള ഒരു പ്രദേശമാണിത്. ഉയയ്നയിലെ ഖാളിയായിരുന്ന തന്റെ പിതാവ് അബ്ദുൽവഹ്ഹാബും അമീറായിരുന്ന ഉസ്മാനുബ്നു മുഅമ്മറും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസം മൂലം അതിനിടെ പിതാവ് കുടുംബസമേതം ഹുറൈമിലാഇലേക്കു താമസം മാറ്റിയിരുന്നു. അവിടെയും അദ്ദേഹം ഖാളിയായി നിയുക്തനായി. മദീനയിൽ നിന്നുണ്ടായ ചിന്താപരമായ വഴിത്തിരിവിനു ശേഷം ബസ്വറയിലേക്കു പോയ ഇബ്നുഅബ്ദിൽ വഹ്ഹാബ് അതിനകം ശേഖരിച്ച പുതിയ പാഠങ്ങളും ചിന്തകളുമായി നജ്ദിലേക്കു തിരിച്ചു വന്നപ്പോൾ പിതാവ് താമസിക്കുന്ന ഹുറൈമിലാഇലാണു മടങ്ങിയെത്തിയത്. ഉദ്ദേശം 38-ാം വയസ്സിലാണിത്. അവിടെ പുതിയ ചിന്തയുടെ പ്രബോധനമാരംഭിച്ചെങ്കിലും പിതാവിന്റെ ശക്തമായ വിയോജിപ്പും താക്കീതുകളും മൂലം തടസ്സം നേരിട്ടു. ജ്യേഷ്ഠ സഹോദരൻ സുലൈമാനുബ്നു അബ്ദിൽ വഹ്ഹാബും അനുജന്റെ പുതിയ തൗഹീദീ പ്രബോധനത്തെ നഖശിഖാന്തം എതിർത്തു. الصواعق الالهية في الرد على الوهابية(വഹ്ഹാബികൾക്കെതിരെ ദൈവിക ഇടിമുഴക്കങ്ങൾ) എന്നപേരിൽ ഒരു ഗ്രന്ഥം തന്നെ സഹോദരനെ ഉപദേശിച്ചും ഖണ്ഡിച്ചും ജ്യേഷ്ഠൻ സുലൈമാൻ രചിച്ചിട്ടുണ്ട്. 'പിതാവിന്റെ മരണശേഷമാണ് ശിർക്കിന്റെ എല്ലാ ഇനങ്ങളോടുമുള്ള യുദ്ധ പ്രഖ്യാപനവും യഥാർത്ഥ ദീനിലേക്കുള്ള പ്രബോധനവും ശൈഖ് മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ് കൂടുതൽ പരസ്യമാക്കിയതെ'ന്ന് സുഊദി വിദ്യാഭ്യാസ മന്ത്രാലയം സ്കൂളിലെ ആറാം ക്ലാസ്സിലേക്കു തയ്യാറാക്കിയ 'സുഊദി അറേബ്യയുടെ ഭരണചരിത്രം' (تاريخ المملكة العربية السعودية)എന്ന ഗ്രന്ഥത്തിൽ തന്നെ തുറന്നെഴുതുന്നുണ്ട്.(പേ:14) അബ്ദുൽ വഹ്ഹാബിന്റെ വഫാത്ത് ഹി: 1153-ലാണ്.

ഹുറൈമിലാഇലെ ഭൂരിപക്ഷം ജനങ്ങളും ഈ പുതിയ പ്രബോധനം നിരാകരിച്ചു. തന്മൂലം ഇബ്നു അബ്ദിൽ വഹ്ഹാബ് ജന്മദേശമായ ഉയയ്നയിലേക്കു നീങ്ങി. അവിടത്തെ അമീർ ഉസ്മാനുബ്നു മുഅമ്മറി(عثمان ابن معمر)ന്റെ പിതൃസഹോദരി ജൗഹറയെ അദ്ദേഹം വിവാഹം ചെയ്തു. ഈ ബന്ധം മൂലം അമീർ അദ്ദേഹത്തെ സ്വാഗതം ചെയ്തു. തന്റെ പ്രവർത്തനങ്ങൾക്കു പിന്തുണയും സഹകരണവും നല്കി. അമീറിന്റെ കുടുംബത്തിൽ നിന്നുള്ള പ്രധാനികളടക്കം എഴുപതപതോളം പേർ ഇബ്നുഅബ്ദിൽ വഹ്ഹാബിന്റെ സംഘത്തിൽ ചേർന്നതായി വഹ്ഹാബീ ചരിത്രകാരനായ ഇബ്നുബിശ്ർ തന്നെ കുറിക്കുന്നു. ഈ സംഘത്തോടൊപ്പം അവിടത്തെ പ്രബോധന പ്രവർത്തനങ്ങളുടെ ആരംഭമെന്ന നിലക്ക് പ്രസിദ്ധ സ്വഹാബിവര്യൻ സൈദുബ്നുൽ ഖത്വാബി(റ)ന്റെ ജുബൈലയിലെ ഖബ്റിനു മുകളിലുള്ള ഖുബ്ബ പൊളിക്കാൻ തുനിഞ്ഞപ്പോൾ ജുബൈല: നിവാസികൾ ഇബ്നുഅബ്ദിൽ വഹ്ഹാബിനെയും സംഘത്തെയും തടഞ്ഞു. തത്സമയം അമീർ ഉസ്മാൻ നേരിട്ടുതന്നെ 600 പേരുള്ള ഒരു വൻ സംഘവുമായി ഇബ്നുഅബ്ദിൽ വഹ്ഹാബിനെ സഹായിക്കാനെത്തിയപ്പോൾ നിരായുധരായ നാട്ടുകാർ പിന്തിരിഞ്ഞു. അങ്ങനെ ഈ സംഘം ഖബ്റും ഖുബ്ബയും പൊളിക്കുകയും ചെയ്തു. ഖലീഫ ഉമറി(റ) ന്റെ നേരെ സഹോദരനാണ് സൈദുബ്നുൽ ഖത്വാബ്(റ). മുഹാജിറുകളിൽ പെട്ട സ്വഹാബിയും. അദ്ദേഹത്തിന്റെ ഖബ്ർ പൊളിച്ചുകൊണ്ടാണ് വഹ്ഹാബിസ പ്രബോധനത്തിന്റെ ആരംഭം.

ഈ ഖബ്ർ പൊളിയോടെ സ്ഥിതിഗതികൾ മാറി. സത്യവിശ്വാസികൾ ഇളകിമറിഞ്ഞു. പല നാടുകളിലെയും ഭരണാധികാരികൾ ഇതിനെതിരെ പ്രതികരിച്ചു. കൂട്ടത്തിൽ അൽഅഹ്സായിലെ ഭരണാധികാരി സുലൈമാനുബ്നു മുഹമ്മദ് ശക്തമായ താക്കീതു നല്കി. വഹ്ഹാബീചരിത്രകാരനായ ഇബ്നുബിശ്ർ കുറിക്കുന്നു. "അൽഅഹ്സായിലെ ഹാകിം, അമീർ ഉസ്മാനിന് ഒരു ഭീഷണിക്കത്തയച്ചു. അതിൽ ശൈഖിനെ(ഇബ്നുഅബ്ദിൽ വഹ്ഹാബ്) കൊല്ലുകയോ നാടുകടത്തുകയോ ചെയ്യണമെന്നു നിർദ്ദേശിച്ചു. ഇല്ലെങ്കിൽ അമീറിന്റെ സാമ്പത്തിക വരുമാനങ്ങൾ മുറിച്ചു കളയുമെന്നും കത്തിൽ അദ്ദേഹം താക്കീതു ചെയ്തു...... ഒടുവിൽ ഗത്യന്തരമില്ലാതെ അമീർ ഉസ്മാൻ ശൈഖിന്റടുത്തേക്ക് ദൂതനെ അയച്ചു. സുലൈമാൻ(അൽഅഹ്സായിലെ ഭരണാധികാരി) നിങ്ങളെ കൊല്ലാൻ നിർദ്ദേശിക്കുന്നു. അദ്ദേഹത്തിനു വെറുപ്പുണ്ടാക്കാനോ നിർദ്ദേശം ലംഘിക്കാനോ നമുക്കാവില്ല. കാരണം, അദ്ദേഹത്തോടു യുദ്ധം ചെയ്യാൻ നമുക്കാവതില്ല. നിങ്ങൾ ഒരു ആലിമും ബന്ധുവുമാണെന്നിരിക്കെ നമ്മുടെ നാട്ടിലിട്ട് നിങ്ങളെ ഉപദ്രവിക്കുന്നത് നല്ല വഴക്കമല്ല. അതുകൊണ്ട് നിങ്ങൾ ഉയയ്ന വിട്ടുപോകുക എന്ന് ശൈഖിനു സന്ദേശവും നല്കി. അങ്ങനെ അദ്ദേഹത്തോടൊപ്പം ഏതാനും സുരക്ഷാഭടന്മാരെ വിട്ട് അമീർ ഉസ്മാൻ ശൈഖിനെ ദർഇയ്യയിലെത്തിച്ചു."(ഉൻവാനുൽ മജ്ദ് 1-23).

ഉയയ്നയുടെയും രിയാളിന്റെയും ഇടക്കുള്ള പ്രദേശമാണു ദർഇയ്യ: മുഹമ്മദുബ്നു സുഊദാണ് അന്ന് അവിടെ അമീർ. ഹി: 1157-ലാണ് ഇബ്നു അബ്ദിൽ വഹ്ഹാബ് ദർഇയ്യയിലെത്തുന്നത്. അമീർ ഇബ്നു സുഊദും ഇബ്നുഅബ്ദിൽ വഹ്ഹാബും തമ്മിൽ ഒന്നിച്ചു. ഇങ്ങനെയാണ് വഹ്ഹാബിസത്തിന്റെയും സുഊദി ഭരണകൂടത്തിന്റെയും സ്ഥാപനം സാദ്ധ്യമായത്. ഇതു വഴിയെ വിവരിക്കാം.

മുസ്ലിംകളെല്ലാം തൗഹീദിൽ നിന്നും ഈമാനിൽ നിന്നും ബഹുദൂരം അകലെയാണെന്നു കണ്ടെത്തി. ഇബ്നുതീമിയ്യയുടെ റൂട്ടിലൂടെ അദ്ദേഹം ഒരു തൗഹീദീപ്രസ്ഥാനം കെട്ടിപ്പടുക്കണമെന്നു മനസ്സിലുറച്ചു. ഇതിനായുള്ള പ്രബോധന പ്രവർത്തനങ്ങളിലേക്കു ശ്രദ്ധ തിരിച്ചു.

### ദഅ്വത്ത്

പ്രബോധനത്തിന് അദ്ദേഹം തുടക്കം കുറിച്ചത് നജ്ദിലെ ഹുറൈമിലാ എന്ന പ്രദേശത്താണ്. ജന്മദേശമായ ഉയയ്നക്കടുത്തുള്ള ഒരു പ്രദേശമാണിത്. ഉയയ്നയിലെ ഖാളിയായിരുന്ന തന്റെ പിതാവ് അബ്ദുൽവഹ്ഹാബും അമീറായിരുന്ന ഉസ്മാനുബ്നു മുഅമ്മറും തമ്മിലുണ്ടായ അഭിപ്രായവ്യത്യാസം മൂലം അതിനിടെ പിതാവ് കുടുംബസമേതം ഹുറൈമിലാഇലേക്കു താമസം മാറ്റിയിരുന്നു. അവിടെയും അദ്ദേഹം ഖാളിയായി നിയുക്തനായി. മദീനയിൽ നിന്നുണ്ടായ ചിന്താപരമായ വഴിത്തിരിവിനു ശേഷം ബസ്വറയിലേക്കു പോയ ഇബ്നുഅബ്ദിൽ വഹ്ഹാബ് അതിനകം ശേഖരിച്ച പുതിയ പാഠങ്ങളും ചിന്തകളുമായി നജ്ദിലേക്കു തിരിച്ചു വന്നപ്പോൾ പിതാവ് താമിസിക്കുന്ന ഹുറൈമിലാഇലാണു മടങ്ങിയെത്തിയത്. ഉദ്ദേശം 38-ാം വയസ്സിലാണിത്. അവിടെ പുതിയ ചിന്തയുടെ പ്രബോധനമാരംഭിച്ചെങ്കിലും പിതാവിന്റെ ശക്തമായ വിയോജിപ്പും താക്കീതുകളും മൂലം തടസ്സം നേരിട്ടു. ജ്യേഷ്ഠ സഹോദരൻ സുലൈമാനുബ്നു അബ്ദിൽ വഹ്ഹാബും അനുജന്റെ പുതിയ തൗഹീദീ പ്രബോധനത്തെ നഖശിഖാന്തം എതിർത്തു. الصواعق الألهية في الرد على الوهابية(വഹ്ഹാബികൾക്കെതിരെ ദൈവിക ഇടിമുഴക്കങ്ങൾ) എന്നപേരിൽ ഒരു ഗ്രന്ഥം തന്നെ സഹോദരനെ ഉപദേശിച്ചും ഖണ്ഡിച്ചും ജ്യേഷ്ഠൻ സുലൈമാൻ രചിച്ചിട്ടുണ്ട്. 'പിതാവിന്റെ മരണശേഷമാണ് ശിർക്കിന്റെ എല്ലാ ഇനങ്ങളോടുമുള്ള യുദ്ധപ്രഖ്യാപനവും യഥാർത്ഥ ദീനിലേക്കുള്ള പ്രബോധനവും ശൈഖ് മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ് കൂടുതൽ പരസ്യമാക്കിയതെ'ന്ന് സുഊദി വിദ്യാഭ്യാസ മന്ത്രാലയം സ്കൂളിലെ ആറാം ക്ലാസ്സിലേക്കു തയ്യാറാക്കിയ 'സുഊദി അറേബ്യയുടെ ഭരണചരിത്രം' (تاريخ المملكة العربية السعودية)എന്ന ഗ്രന്ഥത്തിൽ തന്നെ തുറന്നെഴുതുന്നുണ്ട്.(പേ:14) അബ്ദുൽ വഹ്ഹാബിന്റെ വഫാത്ത് ഹി: 1153-ലാണ്.

ഹുറൈമിലാഇലെ ഭൂരിപക്ഷം ജനങ്ങളും ഈ പുതിയ പ്രബോധനം നിരാകരിച്ചു. തന്മൂലം ഇബ്നുഅബ്ദിൽ വഹ്ഹാബ് ജന്മദേശമായ ഉയയ്നയിലേക്കു നീങ്ങി. അവിടത്തെ അമീർ ഉസ്മാനുബ്നു മുഅമ്മറി(عثمان ابن معمر)ന്റെ പിതൃസഹോദരി ജൗഹറയെ അദ്ദേഹം വിവാഹം ചെയ്തു. ഈ ബന്ധം മൂലം അമീർ അദ്ദേഹത്തെ സ്വാഗതം ചെയ്തു. തന്റെ പ്രവർത്തനങ്ങൾക്കു പിന്തുണയും സഹകരണവും നല്കി. അമീറിന്റെ കുടുംബത്തിൽ നിന്നുള്ള പ്രധാനികളടക്കം എഴുതപതോളം പേർ ഇബ്നുഅബ്ദിൽ വഹ്ഹാബിന്റെ സംഘത്തിൽ ചേർന്നതായി വഹ്ഹാബീ ചരിത്രകാരനായ ഇബ്നുബിശ്ർ തന്നെ കുറിക്കുന്നു. ഈ സംഘത്തോടൊപ്പം അവിടത്തെ പ്രബോധന പ്രവർത്തനങ്ങളുടെ ആരംഭമെന്ന നിലക്ക് പ്രസിദ്ധ സ്വഹാബിവര്യൻ സൈദുബ്നുൽ ഖത്വാബി(റ)ന്റെ ജുബൈലയിലെ ഖബ്റിനു മുകളിലുള്ള ഖുബ്ബ പൊളിക്കാൻ തുനിഞ്ഞപ്പോൾ ജുബൈല: നിവാസികൾ ഇബ്നുഅബ്ദിൽ വഹ്ഹാബിനെയും സംഘത്തെയും തടഞ്ഞു. തത്സമയം അമീർ ഉസ്മാൻ നേരിട്ടുതന്നെ 600 പേരുള്ള ഒരു വൻ സംഘവുമായി ഇബ്നുഅബ്ദിൽ വഹ്ഹാബിനെ സഹായിക്കാനെത്തിയപ്പോൾ നിരായുധരായ നാട്ടുകാർ പിന്തിരിഞ്ഞു. അങ്ങനെ ഈ സംഘം ഖബ്റും ഖുബ്ബയും പൊളിക്കുകയും ചെയ്തു. ഖലീഫ ഉമറി(റ) ന്റെ നേരെ സഹോദരനാണ് സൈദുബ്നുൽ ഖത്വാബ്(റ). മുഹാജിറുകളിൽ പെട്ട സ്വഹാബിയും. അദ്ദേഹത്തിന്റെ ഖബ്ർ പൊളിച്ചു കൊണ്ടാണ് വഹ്ഹാബിസ പ്രബോധനത്തിന്റെ ആരംഭം.

ഈ ഖബ്ർ പൊളിയോടെ സ്ഥിതിഗതികൾ മാറി. സത്യവിശ്വാസികൾ ഇളകിമറിഞ്ഞു. പല നാടുകളിലെയും ഭരണാധികാരികൾ ഇതിനെതിരെ പ്രതികരിച്ചു. കൂട്ടത്തിൽ അൽഅഹ്സായിലെ ഭരണാധികാരി സുലൈമാനുബ്നു മുഹമ്മദ് ശക്തമായ താക്കീതു നല്കി. വഹ്ഹാബീചരിത്രകാരനായ ഇബ്നുബിശ്ർ കുറിക്കുന്നു. "അൽഅഹ്സായിലെ ഹാകിം, അമീർ ഉസ്മാനിന് ഒരു ഭീഷണിക്കത്തയച്ചു. അതിൽ ശൈഖിനെ(ഇബ്നുഅബ്ദിൽ വഹ്ഹാബ്) കൊല്ലുകയോ നാടുകടത്തുകയോ ചെയ്യണമെന്നു നിർദ്ദേശിച്ചു. ഇല്ലെങ്കിൽ അമീറിന്റെ സാമ്പത്തിക വരുമാനങ്ങൾ മുറിച്ചു കളയുമെന്നും കത്തിൽ അദ്ദേഹം താക്കീതു ചെയ്തു...... ഒടുവിൽ ഗത്യന്തരമില്ലാതെ അമീർ ഉസ്മാൻ ശൈഖിന്റടുത്തേക്ക് ദൂതനെ അയച്ചു. സുലൈമാൻ(അൽഅഹ്സായിലെ ഭരണാധികാരി) നിങ്ങളെ കൊല്ലാൻ നിർദ്ദേശിക്കുന്നു. അദ്ദേഹത്തിനു വെറുപ്പുണ്ടാക്കാനോ നിർദ്ദേശം ലംഘിക്കാനോ നമുക്കാവില്ല. കാരണം, അദ്ദേഹത്തോടു യുദ്ധം ചെയ്യാൻ നമുക്കാവതില്ല. നിങ്ങൾ ഒരു ആലിമും ബന്ധുവുമാണെന്നിരിക്കെ നമ്മുടെ നാട്ടിലിട്ട് നിങ്ങളെ ഉപദ്രവിക്കുന്നത് നല്ല വഴക്കമല്ല. അതുകൊണ്ട് നിങ്ങൾ ഉയയ്ന വിട്ടുപോകുക എന്ന് ശൈഖിനു സന്ദേശവും നല്കി. അങ്ങനെ അദ്ദേഹത്തോടൊപ്പം ഏതാനും സുരക്ഷാഭടന്മാരെ വിട്ട് അമീർ ഉസ്മാൻ ശൈഖിനെ ദർഇയ്യയിലെത്തിച്ചു."(ഉൻവാനുൽ മജ്ദ് 1-23).

ഉയയ്നയുടെയും രിയാളിന്റെയും ഇടക്കുള്ള പ്രദേശമാണു ദർഇയ്യ: മുഹമ്മദുബ്നു സുഊദാണ് അന്ന് അവിടെ അമീർ. ഹി: 1157-ലാണ് ഇബ്നു അബ്ദിൽ വഹ്ഹാബ് ദർഇയ്യയിലെത്തുന്നത്. അമീർ ഇബ്നു സുഊദും ഇബ്നുഅബ്ദിൽ വഹ്ഹാബും തമ്മിൽ ഒന്നിച്ചു. ഇങ്ങനെയാണ് വഹ്ഹാബിസത്തിന്റെയും സുഊദി ഭരണകൂടത്തിന്റെയും സ്ഥാപനം സാദ്ധ്യമായത്. ഇതു വഴിയെ വിവരിക്കാം.

●